## ഏകാന്തത



ഏകാന്തതേ! നിൻ നിശ്ശബ്ദമാം തപ്ത-
നിശ്വാസമെന്നിലുണർത്തിയതോർമ്മകൾ,
മനസ്സിലെ മന്ദാരം പൊട്ടിവിടരുന്നു
ചൊരിയുന്നു സൗരഭം എൻമേനിയിൽ.

നിറയുന്നു മോദമെൻ സിരകളിലാകവേ-
കുളിരണിയുന്നു നിൻ സാന്ത്വനത്തിൽ,
മഞ്ഞിളം കൂട്ടിലെ മീവൽ പക്ഷിപോൽ,
കണ്ടെത്തീ ഞാനൊരു സ്വർണ്ണനികേതം.

കൈപിടിച്ചെന്നെ മടിയിലിരുത്തി നീ,
അലിവോടു ചുംബനം നൽകിയെൻ മൂർദ്ദാവിൽ,
അരുതാത്തതൊന്നും ഓർക്കാതെ കുഞ്ഞേ;
നീ അറിവിന്റെ കതിരായ് നിറഞ്ഞുനിൽക്കൂ.
അരുമയോടെന്നെ മാറോടണച്ചുകൊണ്ട-
ലിവാർന്നു ചൊല്ലിയെൻ കാതുകളിൽ.

തഴുകുന്ന കരങ്ങളിൽ മുറുകെപിടിച്ചു ഞാൻ,
കൺകളിൽ മുത്തിച്ചൊന്നാരാധിച്ചു,
പിന്നെയാ താരാട്ടിന്നീണത്തിലലിഞ്ഞുപോയ്-
യെന്നിലെ ശോകവും, വ്യാമോഹവും.

മതിമറന്നുറങ്ങട്ടീ മടിയിൽ സൗഖ്യമായ്,
സ്വപ്നം കണ്ടുണരട്ടെ പുതുപുലരി;
കഴുകട്ടെൻ മനസ്സിലെ കളങ്കങ്ങളത്രയും,
സ്വച്ഛന്ദം ഒഴുകുമീ സ്നേഹവായ്പിൽ.

ഞാനുണരുമ്പോൾ പോയ് മറയല്ലേ,
എന്നിൽ കനിഞ്ഞു നീ ആശ്വാസമേകണേ;
ഉള്ളിന്റെയുള്ളിലെ അഗ്നികെടുത്തുവാൻ,
ഹിമവാഹിനിയായ് ഒഴുകീടണേ.

കെട്ടിപ്പിടിച്ചു ഞാൻ നിന്നെ പുണരുമ്പോൾ,
സർവ്വവും നിന്നിൽ ഞാനർപ്പിക്കുന്നു;
നിന്നിലലിഞ്ഞലിഞ്ഞില്ലാതെയാകുമ്പോൾ,
ഏകാന്തതേ! നീ എന്റേതുമാത്രം
ഏകാന്തതേ നീ എന്റേതുമാത്രം.